ബ്രഹ്മാവിന്റെ സ്തുതി

അന്നേരമവിടെ നാലരനാഴികനേരം
നിന്നിതു പരനേകാത്മാവായ നാരായണൻ.
സകല ജഗന്മയനാകിയ സനാതനൻ
ജഗതി നിറഞ്ഞൊരു വൈഷ്ണവതേജസ്സോടും,
നിന്നരുളുന്നനേരമംബുജാസനൻ തത്ര
വന്നിതു വിമാനങ്ങൾ തോറും ദേവകളുമായ്
ഭക്തികൈക്കൊണ്ടു പിന്നെ സ്തുതിച്ചു തുടങ്ങിനാൻ:
'ഭക്തന്മാർക്കെല്ലാം മുക്തി കൊടുക്കും നാഥ! ജയ
അംബുധിമദ്ധ്യേ പള്ളികൊള്ളുന്ന നാഥ! ജയ
അംബുജത്തിങ്കലെന്നെ നിർമ്മിച്ച നാഥ! ജയ.
യുദ്ധത്തിന്നടുത്തൊരു മധുകൈടഭന്മാരെ
ബദ്ധരോഷേണ കൊന്നു മുടിച്ച നാഥ! ജയ.
ദൈത്യന്മാരുടെ മഹാമേദസ്സുകൊണ്ടുതന്നെ
ധാത്രീമണ്ഡലത്തെയും നിർമ്മിച്ച നാഥ! ജയ.
ധാത്രിയിലെന്നെക്കൊണ്ടു സകല ജന്തുക്കളെ-
പ്പേർത്തു നിർമ്മിപ്പിച്ചൊരു പരമാത്മാവേ! ജയ.
കാലത്താൽ പ്രപഞ്ചസംഹാരം ചെയ്‌വതിനായി
നീലലോഹിതനായും വാണീടും നാഥ! ജയ.
ഭൂപതിസത്യവ്രതാനുഗ്രഹത്തിനു മത്സ്യ-
രൂപത്തെപ്പരിഗ്രഹിച്ചോരു രാഘവ! ജയ.
മന്ദരമുയർത്തുവാൻ കൂർമ്മമായവതരി-
ച്ചിന്ദ്രാദി ദേവകളെപ്പാലിച്ച നാഥ! ജയ.
ഹിരണ്യാക്ഷനെക്കൊൽവാനാദിസൂകരമായി-
ദ്ധരണീദേവിതന്നെ രക്ഷിച്ച നാഥ! ജയ.
ഹിരണ്യകശിപുവാമസുരേന്ദ്രനെക്കൊൽവാൻ
നരസിംഹാകാരനായ് ചമഞ്ഞ നാഥ! ജയ.
മൂന്നു ലോകവും മഹാബലിയോടർത്ഥിച്ചുടൻ

മൂന്നടിയായളന്ന വാമനമൂർത്തേ! ജയ.
ധരണീന്ദ്രന്മാരായ ദുഷ്ടരെ വധിപ്പാനായ്
പരശുരാമനായിപ്പിറന്ന നാഥ! ജയ.
രാവണൻതന്നെക്കൊൽവാൻ രാമനായ്പിറന്നിപ്പോൾ
ദേവകൾ തന്നെപരിപ്പാലിച്ച നാഥ! ജയ.
വസുദേവാത്മജനായിനിമേൽ ബലനായി
വസുധാഭാരം തീർക്കും രേവതീപതേ! ജയ.
ദേവകീതനയനായ് കൃഷ്ണനായിപിറന്നിനി
സ്സേവകന്മാർക്കു മുക്തി കൊടുക്കും നാഥ! ജയ.
ഖഡ്ഗവും ധരിച്ചിനിക്കലികാലാന്തത്തിങ്കൽ
കല്ക്കിയായ് ദുഷ്ടവധംചെയ്തീടും നാഥ! ജയ.
നിഷ്കളനായ തവ തത്ത്വത്തെ നിരൂപിച്ചാ-
ലുൾക്കമലത്തിലറിയാവതല്ലാരുവർക്കും.
സദ്ഗതിയടുത്തവനാചാര്യരൂപം കൈക്കൊ-
ണ്ടുൾക്കാമ്പിൽ നാനാഭേദഭ്രമവും തീരുംവണ്ണം,
സത്യമായുള്ള വസ്തു കാണുന്നോരുപദേശം
ഭക്തനാം ശിഷ്യനറിയിച്ചാൽ കണ്ടീടാമത്രേ.
സകല ശരീരികളുള്ളിലും ജീവാത്മാവായ്
സുഖബോധകമായ പരമാത്മാനം പരം
അറിഞ്ഞു പുകഴ്ത്തുവാനില്ല വല്ലഭം വിശ്വം
നിറഞ്ഞു മരുവീടും പുരുഷോത്തമ! ജയ.
ഇക്കാലം ദശരഥപുത്രനായയോദ്ധ്യയിൽ
വിഖ്യാതകീർത്ത്യാ രാമനായ മാധവ! ജയ.
വിശ്വരക്ഷാർത്ഥം പിന്നെ ലക്ഷ്മണനോടും കൂടി
വിശ്വാമിത്രന്റെ പിമ്പേ പോയ രാഘവ! ജയ.
കാടകംപുക്കശേഷം വിശ്വാമിത്രന്റെ ചൊല്ലാൽ
താടകതന്നെക്കൊലചെയ്ത രാഘവ! ജയ.
വേഗേന സിദ്ധാശ്രമം പുക്കു കൗശികനുടെ

യാഗവും പരിപാലിച്ചിരുന്ന നാഥ! ജയ.
വിശ്വാമിത്രോക്ത്യാ, പുനരഹല്യാശാപംതീർത്തു
വിശ്വനായകചാപം ഖണ്ഡിച്ച നാഥ! ജയ.
സീതാവല്ലഭനായിപ്പോരുമ്പോൾ മദ്ധ്യേമാർഗ്ഗം
പ്രീതനായ് ഭാർഗ്ഗവനെജ്ജയിച്ച രാമ! ജയ.
ബന്ധുവർഗ്ഗവുമായിച്ചെന്നയോദ്ധ്യയിൽ പുക്കു
പന്തീരാണ്ടാനന്ദിച്ചു വസിച്ച നാഥ! ജയ.
ജനകനഭിഷേകത്തിനു ഭാവിച്ചനേരം
ജനനി കൈകേയിയും മുടക്കിക്കളകയാൽ
സീതയുമനുജനും താനുമായ് വനം പുക്കു
മോദേന ചിത്രകൂടത്തിങ്കൽ മേവിന കാലം
ഖേദിച്ചു താതൻ സ്വർഗ്ഗംപുക്കാനെന്നതു കേട്ടു
ഖേദിച്ചു ശേഷക്രിയചെയ്ത രാഘവ! ജയ.
ഭരതൻതന്റെ ദുഃഖമടക്കി രാജ്യമെല്ലാം
ഭരമേല്പിച്ചു യാത്രയയച്ചോരനന്തരം
ദണ്ഡകാരണ്യം പുക്കു ദുഷ്ടനാം വിരാധനെ
ഖണ്ഡിച്ചു മുനികളെ വന്ദിച്ച നാഥ! ജയ.
താപസനായ സുതീക്ഷ്ണനെയും വന്ദിച്ചുടൻ
ശോഭതേടീടുമഗസ്ത്യാശ്രമം പുക്കശേഷം
താപസോത്തമനാകുമഗസ്ത്യൻ കൊടുത്തൊരു
ചാപവും ശരവും കൈക്കൊണ്ടുടൻ പുറപ്പെട്ടു
ഗൗതമിയാകും നദിതന്നുടെ തീരത്തിങ്കൽ
കൗതുകത്തോടു സുമിത്രാത്മജൻ ചമച്ചൊരു
പർണ്ണശാലയിൽ ഭാര്യാസോദരസമേതനായ്
ദണ്ഡമെന്നിയേ സുഖിച്ചിരുന്ന നാഥ! ജയ.
വന്നു കാമിച്ച രാത്രിഞ്ചരിയാം ശൂർപ്പണഖ-
തന്നുടെ മൂക്കു മുല ഛേദനം ചെയ്തമൂലം
ക്രുദ്ധനായ് പതിന്നാലുസഹസ്രം പടയോടും

യുദ്ധത്തിനടുത്തൊരു ഖരനെക്കൊലചെയ്തു,
പൊന്മാനായ് വന്ന മാരീചാസുരനുടെ പിമ്പേ
സമ്മോഹംപൂണ്ടു പോയനേരത്തു ദശാനനൻ
വൈദേഹിതന്നെക്കട്ടുകൊണ്ടുപോയവസ്ഥകൾ
ഖേദേന ജടായു ചൊന്നതിനെക്കേട്ടശേഷം
മരിച്ച പക്ഷിയ്ക്കു ശേഷക്രിയകളുംചെയ്തു,
കരുത്തനായ കബന്ധനു സൽഗതി നൽകി,
ശബരിതന്നെക്കണ്ടു വരവും കൊടുത്തുടൻ
സപദി പമ്പാതീരം പുക്കതിശോകത്തോടും,
നടക്കുന്നേരം വായുപുത്രനെക്കണ്ടുകിട്ടി,
പടുത്വമോടുമവൻ സുഗ്രീവൻതന്നെക്കാട്ടി,
സഖ്യവും ചെയ്യിപ്പിച്ചു ബാലിയെ വധംചെയ്തു,
ദുഃഖേന ചാതുർമ്മാസ്യമിരുന്ന നാഥ! ജയ.
നാലു ദിക്കിലും നാനാ വാനരപ്രവരന്മാർ
കാലേ പോയന്വേഷിയ്ക്ക ജാനകീദേവിതന്നെ
അംഗുലീയവും ഹനുമാനുടെ കൈയിൽ നൽകി-
യംഗദാദികളോടും തെക്കോട്ടു നടകൊണ്ടാർ.
പാതാളംതന്നിൽ സ്വയംപ്രഭയെക്കണ്ടുകിട്ടി
പ്രീതന്മാരായിച്ചെന്നു വാരിധീതീരംപുക്കാർ.
സമ്പാതിവാചാ സമുദ്രം കടപ്പാനായ് വായു-
സംഭവൻ മഹേന്ദ്രത്തിൻ മുകളില്ക്കരേറിനാൻ.
വാരിധി ചാടിക്കടന്നാശു ലങ്കയിൽ ചെന്നു
താരിൽമാതിനു തിരുവാഴിയും കൊടുത്തവൻ,
ചൂഡാരത്നവും വാങ്ങീട്ടുദ്യാനഭംഗംചെയ്തു
പ്രൗഢതയോടുമുടൻ പോരിന്നു നേരിട്ടൊരു
രക്ഷോവീരന്മാരെയും രാവണതനയനാ -
മക്ഷകുമാരനേയും കൊന്നു രാവണനാകും
ദുഷ്ടനെക്കണ്ടു വൃത്താന്തം പറഞ്ഞിട്ടു ലങ്ക

ചുട്ടു പൊട്ടിച്ചു വാരാന്നിധിയും കടന്നുടൻ
തുഷ്ടിപൂണ്ടംഗദാദി വാനരന്മാരുമായ് വ-
ന്നിഷ്ടമോടാശു 'കണ്ടേൻ ദേവിയെ'യെന്നു ചൊന്ന
മാരുതിതന്നെപ്പിടിച്ചാശ്ലേഷംചെയ്തു ഗാഢം
വാരിജാക്ഷിയെച്ചിന്തിച്ചിരുന്ന നാഥ! ജയ.
സുമുഹൂർത്തേന മഹാ വാനരപ്പടയോടും
സമരത്തിനു പുറപ്പെട്ട രാഘവ! ജയ.
ദക്ഷിണസമുദ്രത്തിന്നുത്തരതീരം പുക്കു
രക്ഷോനാഥനും വിചാരം തുടങ്ങിനാനപ്പോൾ
വന്നിങ്ങു കണ്ട വിഭീഷണനെ ലങ്കാനാഥ-
നെന്നഭിഷേകംചെയ്തു വാഴിച്ച നാഥ! ജയ.
വരുണൻ വഴി നൽകാത്തളവു വില്ലും വാങ്ങി
ശ്ശരവും തൊടുത്തപ്പോളവനും ഭയപ്പെട്ടാൻ.
നളനെക്കൊണ്ടു ചിറ കെട്ടിച്ചുകൊൾക ഞാൻതാൻ
വഴിയും തരാമെന്നു വരുണൻ ചൊന്നനേരം
രാമനാഥനെ പ്രതിഷ്ഠിച്ചനുഗ്രഹം വാങ്ങി-
ത്താമസിയാതെ നളനിട്ടൊരു ചിറതന്മേൽ
മർക്കടപ്പടയോടുമക്കരെക്കടന്നുടൻ
രക്ഷോനായകൻതന്നെക്കൊന്ന രാഘവ! ജയ.
തൽക്ഷണേ വിഭീഷണൻതന്നെ ലങ്കേശനെന്നു
രക്ഷോവീരന്മാരോടും വാഴിച്ച നാഥ! ജയ.
അഗ്നിയിൽ മുഴുകി വന്നോരു ജാനകിയായ
പത്നിയെ പരിഗ്രഹിച്ചോരു രാഘവ! ജയ.
സോദരനിശാചരവാനരപ്പടയുമായ്
വൈദേഹിയോടുംകൂടെ പുഷ്പകം കരയേറി,
നന്ദിഗ്രാമത്തിങ്കൽ വന്നിറങ്ങിബ്!ഭരതനെ
നന്ദിപ്പിച്ചാശ്ലേഷംചെയ്തൊരു രാഘവ! ജയ.
താപസനിശാചരവാനരവരരൊടും,

താപങ്ങളകന്നൊരു സോദരവീരരൊടും,
ഭൂദേവാദികളായ രാജ്യവാസികളൊടും,
വൈദേഹിയോടുമയോദ്ധ്യാപുരമകംപുക്കു
അഭിഷേകവുംചെയ്തു ബന്ധുവർഗ്ഗത്തോടും ചെ-
ന്നഭിമോദേന രാജ്യം പാലിച്ച നാഥ! ജയ.
കുംഭസംഭവൻ പറഞ്ഞൻപോടു നിശാചര-
സംഭവമെല്ലാമറിഞ്ഞോരു രാഘവ! ജയ.
മൈഥിലിതന്നെയപവാദശങ്കയാ കള-
ഞ്ഞാതങ്കമുള്ളിൽ മറച്ചിരുന്ന നാഥ! ജയ.
സ്വർണ്ണംകൊണ്ടവളുടൽ നിർമ്മിച്ചു യാഗങ്ങളു-
മൊന്നൊന്നായ്ചെയ്തു കീർത്തി പൊങ്ങിച്ച നാഥ! ജയ.
അമ്മമാരുടെ ശേഷക്രിയകളെല്ലാം ചെയ്തു
ധർമ്മദാനങ്ങൾചെയ്തു വസിച്ച നാഥ! ജയ.
വാൽമീകിയുടെ ശിഷ്യരാകുന്ന കുമാരന്മാർ
സൗമ്യന്മാരായ കുശലവന്മാർ ഗാനംചെയ്ത
ചിത്രമാം രാമായണമാകിയ കാവ്യം കേട്ടു
ചിത്തസന്തോഷംപൂണ്ടു വസിച്ച നാഥ! ജയ.
സത്യത്തെ രക്ഷിപ്പാനായ് സൗമിത്രിതന്നെ ത്യജി-
ച്ചെത്രയും ദുഃഖത്തോടെ വസിച്ച നാഥ! ജയ.
മൈഥിലീതനയന്മാരാകിയ കുശലവ-
ന്മാരെയുമോരോ ദിശി വാഴിച്ച നാഥ! ജയ.
സോദരാമാത്യനിശാചരവാനരരോടും
സാദരമയോദ്ധ്യാവസികളാമവരോടും
വന്നിഹ സരയൂതീരത്തിങ്കലിതുകാലം
നിന്നരുളുന്ന രാമ! രാഘവ! ജയ ജയ.
നമസ്തേ രാമ രാമ! സമസ്തേ സീതാപതേ!
നമസ്തേ രഘുപതേ! രാവണാന്തക! ഹരേ!
നമസ്തേ നാരായണ! നമസ്തേ ലക്ഷ്മീപതേ!

നമസ്തേ ഭുവനൈകനായക! കൃപാനിധേ!
പരമാനന്ദമൂർത്തേ! നമസ്തേ പരാത്മനേ!
പരബ്രഹ്മമേ! പരംപുരുഷ! നമോസ്തു തേ.’
ചതുരാനനനിതി സ്തുതിചെയ്തോരു നേരം
മധുരസ്ഫുടാക്ഷരമരുളിച്ചെയ്തു ദേവൻ:
‘എന്നോടുകൂടിപ്പോരും ജനങ്ങൾക്കെല്ലാവർക്കും
വിണ്ണവരുടെ ലോകം കൊടുത്തീടുകവേണം.’
എന്നതു കേട്ടു വിധാതാവരുൾചെയ്തീടിനാൻ:
‘വന്നിഹ സരയൂവിൽ മുഴുകീടുവിനെങ്കിൽ.
വാനരപ്രവരന്മാർ തങ്ങൾക്കു കാരണമാം
വാനവരോടു ചെന്നുചേർന്നിതു സമസ്തരും
മറ്റുള്ള ജനങ്ങളുമന്നേരം സരയൂവിൽ
തെറ്റെന്നു മുഴുകിപ്പോയ് ദിവ്യവേഷത്തെപ്പൂണ്ടാർ.
പൂർവ്വദേഹങ്ങളെല്ലാമുദകംതന്നിലാക്കി
ദേവലോകവും പുക്കാർ സമസ്തജനങ്ങളും.
വിഷ്ണുമൂർത്തിയുമനുജന്മാരോടൊരുമിച്ചു
വിഷ്ണുലോകവും പുക്കാനമരന്മാരുമായാർ.
മാനുഷർ നിശാചരർ പക്ഷികൾ മൃഗങ്ങളും
വാനരർ പിപീലികാജാതികളാദിയെല്ലാം
രാഘവസ്വാമിയുടെ കാരുണ്യമുണ്ടാകയാൽ
നാകലോകവും പുക്കു സുഖിച്ചിതെല്ലാവരും.
ദേവകൾ സനകാദിമുനികൾ വിരിഞ്ചനും
സേവിച്ചു ലക്ഷ്മീദേവിതന്നൊടും ഭൂമിയോടും,
യോഗേശനനന്തനാം പള്ളിതല്പത്തിന്മേലേ
യോഗനിദ്രയുംപൂണ്ടു ഭഗവാൻ നാരായണൻ.
രാമനാമത്തെജ്ജപിച്ചീടുന്ന ജനങ്ങളും
രാമസായുജ്യം പ്രാപിച്ചീടുവോരെന്നു നൂനം.

പാരിലുള്ളജ്ഞാനികൾക്കറിവാൻ തക്കവണ്ണം
ശ്രീരാമചരിതം ഞാനിങ്ങനെ ചൊല്ലീടിനേൻ.
സജ്ജനമാനന്ദിച്ചു നൽകീടുമനുഗ്രഹം
ദുർജ്ജനദുർഭാഷണം ബഹുമാനിച്ചീടേണ്ട.
രാമചന്ദ്രസ്വാമിയെന്മാനസേ വസിയ്ക്കണം
ശ്രീമഹാലക്ഷ്മിയോടുമതിനു വന്ദിയ്ക്കുന്നേൻ.

ഇങ്ങനെ പറഞ്ഞടങ്ങീടിനാൾ കിളിമകൾ
തിങ്ങിന ഭക്തിപൂണ്ടു വസിച്ചാരെല്ലാരുമേ. 1932

~~ഉത്തരരാമയണം മൂന്നാമദ്ധ്യായം സമാപ്തം.~~
~~അദ്ധ്യാത്മരാമായണം ഉത്തരരാമയണം സമാപ്തം~~
അദ്ധ്യാത്മരാമായണം സമാപ്തം
ശുഭമസ്തു

~~അല്പമായ് ചമഞ്ഞിതു സന്താപം ദിനം തോറു-~~
~~മല്പഭാഷിണിമാർക്കും വർദ്ധിച്ചു തേജസ്സേറ്റം.~~
~~സീമന്തപുംസവനാദിക്രിയകളും ചെയ്തു~~
~~കാമാന്തം ദാനങ്ങളും ചെയ്തിതു നരവരൻ!~~

ശ്രീരാമാവതാരം

ഗർഭവും പരിപൂർണ്ണമായ് ചമഞ്ഞതുകാല-
മർഭകന്മാരും നാൽവർ പിറന്നാരുടനുടൻ.
ഉച്ചത്തിൽ പഞ്ചഗ്രഹം നില്ക്കുന്ന കാലത്തിങ്ക-
ലച്യുതനയോദ്ധ്യയിൽ കൌസല്യാത്മജനായാൻ.
നക്ഷത്രം പുനർവസു നവമിയല്ലോ തിഥി
നക്ഷത്രാധിപനോടുകൂടവേ ബൃഹസ്പതി
കർക്കടകത്തിലത്യുച്ചസ്ഥിതനായിട്ടല്ലോ
അർക്കനുമത്യുച്ചസ്ഥനുദയം കർക്കടകം
അർക്കജൻ തുലാത്തിലും ഭാർഗ്ഗവൻ മീനത്തിലും
വക്രനുമുച്ചസ്ഥനായ് മകരംരാശി തന്നിൽ
നില്ക്കുമ്പോളവതരിച്ചീടിനാൻ ജഗന്നാഥൻ
ദിക്കുകളൊക്കെ പ്രസാദിച്ചിതു ദേവകളും.
പെറ്റിതു കൈകേയിയും പുഷ്യനക്ഷത്രം കൊണ്ടേ
പിറ്റേന്നാൾ സുമിത്രയും പെറ്റിതു പുത്രദ്വയം
ഭഗവാൻ പരമാത്മാ മുകുന്ദൻ നാരായണൻ
ജഗദീശ്വരൻ ജന്മരഹിതൻ പത്മേക്ഷണൻ
ഭുവനേശ്വരൻ വിഷ്ണുതന്നുടെ ചിഹ്നത്തോടു-
മവതാരം ചെയ്തപ്പോൾ കാണായി കൌസല്യയ്ക്കും
സഹസ്രകിരണന്മാരൊരുമിച്ചൊരുനേരം
സഹസ്രായുതമുദിച്ചുയരുന്നതുപോലെ.
സഹസ്രപത്രോത്ഭവനാരദസനകാദി-
സഹസ്രനേത്രമുഖവിബുധേന്ദ്രന്മാരാലും

വന്ദ്യമായിരുപ്പോരു നിർമ്മലമകുടവും
സുന്ദരചികുരവുമളകസുഷമയും
കാരുണ്യാമൃതരസസമ്പൂർണ്ണനയനവു-
മാരുണ്യാംബരപരിശോഭിതജഘനവും
ശംഖചക്രാബ്ജഗദാശോഭിതഭുജങ്ങളും
ശംഖസന്നിഭഗളരാജിതകൌസ്തുഭവും
ഭക്തവാത്സല്യം ഭക്തന്മാർക്കു കണ്ടറിവാനായ്
വ്യക്തമായിരിപ്പൊരു പാവനശ്രീവത്സവും
കുണ്ഡലമുക്താഹാരകാഞ്ചീനൂപുരമുഖ-
മണ്ഡനങ്ങളുമിന്ദുമണ്ഡലവദനവും
പണ്ടു ലോകങ്ങളെല്ലാമളന്ന പാദാബ്ജവും
കണ്ടുകണ്ടുണ്ടായൊരു പരമാനന്ദത്തോടും
മോക്ഷദനായ ജഗത്സാക്ഷിയാം പരമാത്മാ0
സാക്ഷാൽ ശ്രീനാരായണൻതാനിതെന്നറിഞ്ഞപ്പോൾ
സുന്ദരഗാത്രിയായ കൌസല്യാദേവിതാനും
വന്ദിച്ചു തെരുതെരെ സ്തുതിച്ചു തുടങ്ങിനാൾ:

കൌസല്യാസ്തുതി

'നമസ്തേ ദേവദേവ! ശംഖചക്രാബ്ജധര!
നമസ്തേ വാസുദേവ! മധുസൂദന! ഹരേ!
നമസ്തേ നാരായണ! നമസ്തേ നരകാരേ!
നമസ്തേശ്വര! ശൌരേ! നമസ്തേ ജഗല്പതേ!
നിന്തിരുവടി മായാദേവിയെക്കൊണ്ടു വിശ്വം
സന്തതം സൃഷ്ടിച്ചു രക്ഷിച്ചു സംഹരിക്കുന്നു.
സത്വാദിഗുണത്രയമാശ്രയിച്ചെന്നിനിതെ-
ന്നുത്തമന്മാർക്കുപോലുമറിവാൻ വേലയത്രേ.
പരമൻ പരാപരൻ പരബ്രഹ്മാഖ്യൻ പരൻ
പരമാത്മാവു പരൻ പുരുഷൻ പരിപൂർണ്ണൻ

Ramayana Arati

ദശ-രഥ-രാമ ഹരേ, രാമാ
സീതാ-ചിത്ത-ഹരേ
അയോ+ദ്ധ്യ-നാഥാ, ശുഭവര-ദായക
ഹനുമഥ്.സ്വാമിഹരേ-രാമാ
ദശരഥ-രാമ ഹരേ. 1.

ലക്ഷ്മണ-സഹിത-ഹരേ, രാമാ
ഭരതാ-രാദ്ധ്യഹരേ
ശത്രുഘ്ന-സേവിത, വിഭീഷണ+പ്രിയ
രാവണ-നാശഹരേ, രാമാ
ദശരഥ-രാമ ഹരേ. 2.

കല്യാണ-ഗുണ-ശീലാ രാമാ
കൗസല്യ-സുത,വരദ,
വസിഷ്ഠ-പൂജിത,ഭൃഗു-രാമ+പ്രിയ
ആദിത്യ-ഹൃദയ ഹരേ, രാമാ
ദശരഥ-രാമ ഹരേ. 3

ത്രേതാ-യുഗ-പുരുഷാ, രാമാ
ശോകാർണവ തരണാ
അഖിലാ-ധാരാ, ജഗദോ+ദ്ധാരക
ഗുരു-വായു-പുരീ-വാസാ, രാമാ
ദശരഥരാമ ഹരേ. 4

സജ്ജന-ധരണ-ഹരേ രാമാ
ദുർജ്ജന-ഹരണ-ഹരേ
നാരദ+പ്രേരിത വാ+ത്മീകീ-കൃത
രാമായണ-കഥിതാ, രാമാ
ദശരഥ-രാമ ഹരേ 5

ജയജയ+ശ്രീരാമാ
രാമാ ജയ സീതാ രാമാ
തവപദ-മലരുക-ളടിയൻ-ശരണം
സതതം രഘുരാമാ രാമാ
ദശരഥ-രാമ ഹരേ 6

ദശരഥ-രാമ ഹരേ, രാമാ
സീതാ-ചിത്ത-ഹരേ

അയോദ്ധ്യ-നാഥാ, ശുഭവര-ദായക
ഹനുമഥ്.സ്വാമിഹരേ-രാമാ
ദശരഥ-രാമ ഹരേ. 7
ഓം.
****

Typed by Guru P.R.IYER
8.8.23

ക്ഷമാപ്രാർത്ഥന .

സ്വസ്തിഃ(ഫ്)പ്രജാഭ്യഃ(ഫ്)-
പരിപാല-യ+ന്താം(ൻ)-
ന്യായേന മാർഗേണ മഹീം മഹേശാഃ.
ഗോ+ബ്രാ+ഹ്മണേ+ഭ്യഃ(ശ്)ശുഭ-മസ്തു നിത്യം
ലോകാഃ(സ്)സമസ്താഃ(സ്)സുഖിനോ ഭവ+ന്തു.(3 Times)

യദ+ക്ഷര പദ+ഭ്രഷ്ടം മാത്രാഹീനം(ൻ)തുയദ് ഭവേഥ്
തത് സർവം(ങ്)ക്ഷമ്യതാം(ൻ)ദേവ നാരായണ നമോസ്തുതേ

വിസർഗ-ബിന്ദു മാത്രാണി പദ പാദാ+ക്ഷരാണിച
ന്യൂനാനി ചാതിരിക്താനി+ക്ഷമസ്വ- പരമേശ്വര.

അന്യഥാ ശരണം നാസ്തി+ ത്വമേവ ശരണം മമ
തസ്മാത് കാരുണ്യ ഭാവേന രക്ഷ-രക്ഷ മഹേശ്വര.

മന്ത്രഹീനം ക്രിയാഹീനം ഭക്തിഹീനം സുരേശ്വര
യത് പൂജിതം മയാദേവ പരിപൂർണം തദസ്തുമേ

കായേനവാചാ മനസേ+ന്ദ്രി-യൈർവാ
ബുദ്ധ്യാത്മനാവാ+പ്രകൃതേഃ(സ്)സ്വഭാവാത്
കരോമി യദ്യത് സകലം പരസ്മൈ
നാരായണായേതി സമർപയാമി.

ഓം
പൂർണമദഃ പൂർണമിദം പൂർണാത് പൂർണമുദച്യതേ
പുർണസ്യ പൂർണമാദായ പൂർണമേവാവ ശിഷ്യതേ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ
****

SRI RAMA MANGALAM

മംഗളം കൗസലേന്ദ്രായ മഹനീയ ഗുണാത്മനേ |
ചക്രവർതി തനൂജായ സാർവ-ഭൗമായ മംഗളം || 1 ||

വേദ-വേദാന്ത വേദ്യായ മേഘശ്യാമല മൂർതയേ |
പുംസാം മോഹന രൂപായ പുണ്യ+ശ്ലോകായ മംഗളം || 2 ||

വിശ്വാമിത്രാംത രംഗായ മിഥിലാ നഗരീ പതേ |
ഭാഗ്യാനാം പരിപാകായ ഭവ്യരൂപായ മംഗളം || 3 ||

പിതൃ- ഭക്തായ സതതം ഭാതൃഭിഃ സഹ സീതയാ |
നംദിതാഖില ലോകായ രാമഭദ്രായ മംഗളം|| 4 ||

ത്യക്ത സാകേത വാസായ ചിത്രകൂട വിഹാരിണേ |
സേവ്യായ സർവയമിനാം ധീരോദാത്തായ മംഗളം || 5 ||

സൗമിത്രിണാച ജാനക്യാ ചാപ ബാണാസി ധാരിണേ |
സംസേവ്യായ സദാ ഭക്ത്യാ സ്വാമിനേ മമ മംഗളം || 6 ||

ദംഡകാരണ്യ വാസായ ഖരദൂഷണ ശത്രവേ |
ഗൃധ്ര രാജായ ഭക്തായ മുക്തി ദായാസ്തു മംഗളം || 7 ||

സാദരം ശബരീ ദത്ത ഫലമൂലാഭിലാഷിണേ |
സൗലഭ്യ പരിപൂർണായ സത്യോ+ദ്രിക്തായ മംഗളമ് || 8 ||

ഹനുമഥ്.സമവേതായ ഹരീശാഭീഷ്ട ദായിനേ |
വാലി+പ്രമധ നായാസ്തു മഹാധീരായ മംഗളമ് || 9 ||

ശ്രീമതേ രഘു വീരായ സേതൂല്ലംഘിത സിന്ധവേ |
ജിതരാക്ഷസ രാജായ രണധീരായ മംഗളമ് || 10 ||

വിഭീഷണ കൃതേ പ്രീത്യാ ലംകാഭീഷ്ട+പ്രദായിനേ |
സർവ-ലോക ശരണ്യായ ശ്രീരാഘവായ മംഗളം || 11 ||

ആഗത്യ നഗരീം ദിവ്യാ-മഭിഷിക്തായ സീതയാ |
രാജാധി രാജ രാജായ രാമ-ഭദ്രായ മംഗളമ് || 12 ||

ബ്ര+ഹ്മാദി ദേവസേവ്യായ+ബ്ര+ഹ്മണ്യായ മഹാത്മനേ |
ജാനകീ+പ്രാണ നാഥായ രഘുനാഥായ മംഗളം || 13 ||

ശ്രീസൗമ്യ ജാമാതൃമുനേഃ(ഖ്) കൃപയാസ്മാനു പേയുഷേ |
മഹതേ മമ നാഥായ രഘുനാഥായ മംഗളമ് || 14 ||

മംഗളാശാസന പരൈർ-മദാചാര്യ പുരോഗമൈ |
സർവൈശ്ച പൂർവൈ-രാചാര്യൈഃ സത്കൃതായാസ്തു മംഗളം || 15 ||

രമ്യജാ മാതൃ മുനിനാ മംഗളാ ശാസനം കൃതം|
ത്രൈലോക്യാധിപതിഃ(ശ്)ശ്രീമാൻ കരോതു മംഗളം സദാ || 16
ഓം
****

സ്വസ്തിവചനം

1 ആഭിർ ഗീർഭിർ യദ-തോ ന ഊന-മാപ്യായയ-
ഹരിവോ വർധമാനഃ| യദാസ്തോതൃഭ്യോ-
മഹി- ഗോത്രാ രുജാസി ഭൂയിഷ്ഠ-ഭാജോ-
അധ തേ സ്യാമ| ബ്രഹ്മ പ്രാവാദിഷ്ണ തന്നോ-
മാഹാസീത്|
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ|

2 സ്വസ്തി മന്ത്രാഃ സത്യാസ് സഫലാസ് സന്ത്വിതി-
ഭവന്തോനു- ഗൃഹ്ണന്തു. (തഥാസ്തു)

3 സ്വസ്തി പ്രജാഭ്യഃ FP പരിപാലയന്താം-
ന്യായേന മാർഗേണ മഹീം. മഹേശാഃ|
ഗോ ബ്രാഹ്മണേഭ്യശ് ശുഭ-മസ്തു നിത്യം-
ലോകാസ് സമസ്താസ് സുഖിനോ ഭവന്തു||
(തഥാസ്തു) രാമായണോക്തം

4 സർവേ ജനാ ~~വേദോക്തം~~ ദീർഘ-മായുഷ്യം-
ഭൂയാസു-രിതി ഭവന്തോ മഹാന്തോനു-
ഗൃഹ്ണന്തു. (തഥാസ്തു)

5 തല്ലഗ്നാ-പേക്ഷയാ ആദിത്യാനാം നവാനാം
ഗ്രഹാണാ-മാനുകൂല്യം- ഭൂയാസുരിതി-
ഭവന്തോ മഹാന്തോനു ഗൃഹ്ണന്തു. (തഥാസ്തു)

6 സർവേ ജനാ ആയുർബലം യശോ-വർച്ചഃ FP-
പശവഃ സ്ഥൈര്യം സിദ്ധിർ-ലക്ഷ്മീഃ (ഹി)-
ക്ഷമാ-കാന്തിസ് സദ്ഗുണാ അനന്തോ-
നിത്യോസ്-സവോ നിത്യശ്രീ നിത്യമംഗല-
മിത്യേഷാം സർവദാഭി-വൃദ്ധി-രിതി ഭവന്തോ-
മഹാന്തോനു-ഗൃഹ്ണന്തു|| (തഥാസ്തു)

7 സർവേ ജനാഃ നിരോഗാഃ നിരുപദ്രവാഃ സ്വ-
സദാചാര-സമ്പന്നാഃ ആഢ്യാഃ നിർമത്സരാഃ
ദയാലു-വൃഷ്ടി ഭൂയാസുരിതി ഭവന്തോ-
മഹാന്തോനുഗൃഹ്ണന്തു. (തഥാസ്തു)

8 ദേശോഽയം നിരു-പദ്ര-വോഽസ്തു. (തഥാസ്തു)

9 സർവേ ജനാസ്സുഖിനോ ഭവന്തു (തഥാസ്തു)

10 ~~അന്നേന [illegible] (changes) [illegible]~~ —
രാമായണ പാരായണേന
~~അഭിശ്രവണ മന്ത്ര ജപേന~~ പിതൃദേവതാ-
സുപ്രീതസ്സുപ്രസന്നോ വരദോ ഭൂത്വാ സർവേ-
ഗിരിഗഞ്ചിമലസ്യ
~~[illegible]~~ സകുടുംബസ്യ ക്ഷേമസ്ഥൈര്യ-
ധൈര്യ-വീര്യ വിജയായു-രാരോഗ്യ-
ഐശ്വര്യാണാ-മഭിവൃദ്ധി പ്രദൃഷ്ട്യ ഭൂയാദിതി-
ഭവന്തോനുഗൃഹ്ണന്തു। (തഥാസ്തു)

11 ഉത്തരോത്തരാഭിവൃദ്ധിരസ്തു (തഥാസ്തു)

12 സമസ്ത സന്മംഗലാനി സന്തു (തഥാസ്തു)
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

—x—

P. R IYER
1-10-21